പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1612 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|
| **വൈപ്പിൻ നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ** | |
| ചോദ്യം | ഉത്തരം |
| ശ്രീ. എസ്. ശർമ്മ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഭൂരി ഭാഗം അംഗൻവാടികളും വാടകക്കെട്ടിടങ്ങ ളിലും ഷെഡുകളിലുമാണ് പ്രവർത്തിച്ചുവരു ന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അംഗൻ വാടികൾക്ക് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്കാണ്. |
| (ബി) അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഇപ്പോൾ ഏതെല്ലാം പദ്ധതി കളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) അംഗൻവാടികൾക്ക് കെട്ടിടമുൾപ്പെടെ യുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അംഗൻവാടികൾക്ക് കെട്ടിട ങ്ങൾ നിർമ്മിക്കുന്നതിലേയ്ക്ക് 3 പദ്ധതികളാണ് നിലവിലുള്ളത്.<br>(1) <u>മാതൃകാ അംഗൻവാടി പദ്ധതി</u><br>ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ 140 നിയോജക മണ്ഡലങ്ങളിൽ സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ യുടെ ഫണ്ടും ഉൾപ്പെടെ ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലുള്ള അംഗനവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നു.<br>(2) <u>നബാർഡ്- ആർ.ഐ.ഡി.എഫ് പദ്ധതി</u><br>നബാർഡ് ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുക, കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞുവീഴാറായവ പുനർനിർമ്മിക്കുക എന്നിങ്ങനെയുള്ള 700 അംഗൻവാടികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്.<br>(3) <u>സ്റ്റേറ്റ് പ്ലാൻ ഫണ്ട്</u><br>സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ വർഷവും അംഗൻവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാറുണ്ട്. |
| (സി) പുതിയ പദ്ധതികൾ നടപ്പിലാക്കി അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ